**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2269** **14-10-2024 - ൽ മറുപടിയ്ക്ക്**

**പെരുമാട്ടി അഗ്രി ഹൈടെക്ക് മാർക്കറ്റ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പെരുമാട്ടി അഗ്രി ഹൈടെക്ക് മാർക്കറ്റ് നിർമ്മാണത്തിനായി 2020-21, 2021 -22 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും ചേർത്ത് ആകെ 20 കോടി രൂപ ടി പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തിയുടെ നിർവ്വഹണത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും വിശദമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷത്തിലെ ഒന്നാം ഘട്ടം പദ്ധതിക്ക് സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് തയ്യാറായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലെ രണ്ടാം ഘട്ടം പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി (ULCCS Ltd), കോഴിക്കോട് എന്ന ഏജൻസിയെയാണ് നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | പ്രസ്തുത മാർക്കറ്റ് നിർമ്മാണപ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അടിയന്തര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ